S001 | CO

# കേരള സ്റ്റേറ്റ് റോഡ്ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.VLC2/007072/21(A&VB4) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ,ഫോർട്ട്,
തിരുവനന്തപുരം,തീയതി. 20.11.2024

## കാരണം കാണിക്കൽ നോട്ടീസ്

പാലാ യൂണിറ്റിലെ മെക്കാനിക്ക് ശ്രീ.സജിത്ത് മാത്യു എന്ന താങ്കൾക്ക് 05.11.2014 മുതൽ 04.11.2019 വരെ വിദേശത്ത് ജോലി ചെയ്യാൻ ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെങ്കിലും ടി അവധി കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പുനഃപ്രവേശിക്കാതെ 05.11.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നും, യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് ഗ്യാരേജിന്റെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽകാരണങ്ങളാൽ പാലാ യൂണിറ്റിലെ മെക്കാനിക്ക് ശ്രീ.സജിത്ത് മാത്യു എന്ന താങ്കൾക്ക് 1960 -ലെ കേരളാ സിവിൽസർവ്വീസ് (തരം തിരിവും,നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 16.06.2021 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം തപാൽ മാർഗ്ഗത്തിൽ താങ്കളുടെ ലഭ്യമായ മേൽ വിലാസത്തിൽ അയച്ചു നൽകിയെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ വന്നതിനെ തുടർന്ന് ഇൻസ്പെക്ടർ താങ്കളുടെ മേൽവിലാസത്തിൽ കൈമാറിയിട്ടും താങ്കൾ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന് ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ആലപ്പുഴ ജില്ലാധികാരിയെ ചുമതലപ്പെടുത്തി, അന്വേഷണ ഉദ്യോഗസ്ഥൻ താങ്കൾക്ക് നാല് അവസരങ്ങൾ നൽകിയിട്ടും വിചാരണയ്ക്ക് ഹാജരാകുകയോ, അസൗകര്യം സംബന്ധിച്ച് അറിയിപ്പ് നൽകുകയോ ചെയ്യിട്ടില്ലാത്തതാണ്. അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 04.09.2023 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് അയച്ചു നൽകുകയും ആയത് താങ്കളുടെ മേൽ വിലാസത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം താങ്കൾ ഒരു ഘട്ടത്തിലും നൽകിയിട്ടില്ല. ശൂന്യവേതനാവധി കാലാവധി കഴിഞ്ഞിട്ടും 05.11.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്യിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനുമാണ്.

എന്നിരുന്നാലും ശ്രീ.സജിത്ത് മാത്യു എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർ വാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നല്കുവാനില്ലായെന്ന് കണ്ട് അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ ഷാജി
(ഗവ:അഡീഷണൽ സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്

ശ്രീ.സജിത്ത് മാത്യു ,മെക്കാനിക്ക്, പാലാ
(യൂണിറ്റ് അധികാരി, പാലാ മുഖാന്തിരം)

പകർപ്പ് : യൂണിറ്റ് അധികാരി പാലാ - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതാണ്
ഫയൽ&സ്റ്റോക്ക് ഫയൽ